ക്രമപ്രശ്നം

ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സഭയിൽ വയ്ക്കാത്തത് സംബന്ധിച്ച്

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, കരുണാ പ്ലാന്റേഷൻ പോബ്സൺ എസ്റ്റേറ്റ് പ്രൈവറ്റ് ലിമിറ്റഡിന്റെ പേരിൽ കരം തീർക്കാൻ വനംവകുപ്പ് നിരാക്ഷേപ സർട്ടിഫിക്കറ്റ് നൽകിയത് സംബന്ധിച്ച് സഭയിൽ ശ്രീ. എ. കെ. ബാലൻ ആക്ഷേപം ഉന്നയിച്ചതാണ്. ഇതിനെത്തുടർന്ന് സർക്കാർ അന്വേഷണത്തിന് മൂന്നംഗ സമിതിയെ നിശ്ചയിച്ചു. സമിതിയുടെ റിപ്പോർട്ട് ഇന്നലെ മേശപ്പുറത്തുവച്ചു. എന്നാൽ റിപ്പോർട്ടുപ്രകാരമുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭയിൽ വച്ചിട്ടില്ല. ഇതുപോലെ ചെലവന്നൂർ കായൽ കയ്യേറി ഡി.എൽ.എഫ്. അധികൃതരുമായി ഫ്ലാറ്റ് സമുച്ചയം പണിതത് സംബന്ധിച്ചും പ്രതിപക്ഷം സഭയിൽ ആരോപണമുന്നയിച്ചിരുന്നു. ഇതിനെപ്പറ്റി അന്വേഷിക്കാൻ ചീഫ് സെക്രട്ടറിയെ ചുമതലപ്പെടുത്തി. എന്നാൽ ചീഫ് സെക്രട്ടറിയുടെ അന്വേഷണ റിപ്പോർട്ടിനെ തുടർന്നുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സഭയിൽ വച്ചിട്ടില്ല. ഇതുസംബന്ധിച്ച് മുഖ്യമന്ത്രിക്കും ബന്ധപ്പെട്ട മന്ത്രിമാർക്കും എന്താണ് പറയാനുള്ളതെന്ന് അറിയാൻ താല്പര്യമുണ്ട്.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി

(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, കരുണാ പ്ലാന്റേഷനെക്കുറിച്ച് വയ്ക്കാമെന്നു പറഞ്ഞ റിപ്പോർട്ട് മേശപ്പുറത്തുവച്ചിട്ടുണ്ട്. ആ റിപ്പോർട്ട് മേശപ്പുറത്ത് വയ്ക്കുന്നതോടൊപ്പംതന്നെ റവന്യൂ ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു എൻക്വയറിക്ക് ഉത്തരവ് കൊടുത്തിട്ടുണ്ട്. ഇതിന്റെ ഫൈന്റിംഗും റവന്യൂ വകുപ്പ് ഒരു അന്വേഷണം നടത്തണമെന്നായിരുന്നു. ആ അന്വേഷണ റിപ്പോർട്ടുകൂടി വന്നുകഴിയുമ്പോൾ, ഈ രണ്ട് റിപ്പോർട്ടും സഭയിൽ വയ്ക്കുന്നതാണ്. രണ്ടാമതായി, ചെലവന്നൂർ കായലിനെ സംബന്ധിച്ച് പറഞ്ഞത്, ആ വിഷയം ചീഫ് സെക്രട്ടറി അന്വേഷിച്ചിരുന്നു. ചീഫ് സെക്രട്ടറിയുടെ അന്വേഷണത്തിൽ, ഇതിലൊരു സാങ്കേതികത്വമുള്ളതുകൊണ്ട് മൂന്നംഗങ്ങൾ അന്വേഷിക്കണമെന്ന് പറഞ്ഞ് നിയോഗിച്ചു. അതനുസരിച്ച് മൂന്ന് ആളുകൾ അന്വേഷിക്കുന്നതിന് ഗവൺമെന്റ് ഉത്തരവ് കൊടുക്കുകയും ചെയ്തു. മൂന്നുപേരിൽ ഒരാൾ വിദേശയാത്രയിൽ ആയിരുന്നു. 21-ാം തീയതി കമ്മിറ്റി എന്നുള്ള നിലയിൽ പ്രസ്തുത സ്ഥലം സന്ദർശിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കിയത്. 22-ാം തീയതിയോടുകൂടി റിപ്പോർട്ട് തരാൻ സാധ്യതയുണ്ടെന്നാണ് ഗവൺമെന്റ് മനസ്സിലാക്കുന്നത്. ആ റിപ്പോർട്ട് കിട്ടിയാലുടൻതന്നെ അതും സഭയിൽ വയ്ക്കുന്നതാണ്.

മി. സ്പീക്കർ : ശ്രീ. എ.കെ. ബാലൻ, സാധാരണ ക്രമപ്രശ്നം

അവതരിപ്പിക്കുന്നതിന് ഒരു ചിട്ടയുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് തന്നെയാണ് ശ്രീ. ബാലനും എഴുതിതന്നിരിക്കുന്നത്. ഇത് ആവർത്തനവിരസമാണ്. ......ശ്രീ. ബാബു എം. പാലിശ്ശേരി നിയമസഭയിൽ എത്രയോ പേരുണ്ട്......നോ...അവിടെ ആരു പറഞ്ഞാലും തെറ്റാണ്.

ശ്രീ. എ. കെ. ബാലൻ :സർ, ഇന്നലെവച്ച കമ്മീഷൻ റിപ്പോർട്ടിൻെറ ഭാഗമായി ആക്ഷൻ ടേക്കൺ റിപ്പോർട്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതായിരുന്നു. ഇതുവരെയും വച്ചില്ല. ഇപ്പോഴും ബഹുമാനപ്പെട്ട മന്ത്രി പറയുന്നത് റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ്. ആര് ചുമതലപ്പെടുത്തി; ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ടോ? ഇതിൽ സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണെന്ന് ശുപാർശ ചെയ്യുന്നു എന്നുപറഞ്ഞ സാഹചര്യത്തിൽ ഗവൺമെന്റ് അതിനുമുകളിൽ ഒരു തീരുമാനമെടുക്കണം. രണ്ടാമത്, എട്ടംഗ കമ്മിറ്റിയുമായി ബന്ധപ്പെട്ട് അതിന്റെ ഘടനയെ സംബന്ധിച്ചും അതിന്റെ ടേംസ് ഓഫ് റഫറൻസിനെ സംബന്ധിച്ചും ആ ഉത്തരവിന്റെ അപാകതയെ സംബന്ധിച്ചും ...

മി. സ്പീക്കർ ഇതിനെ സംബന്ധിച്ചൊക്കെ എത്രയോ പ്രാവശ്യം ചർച്ച ചെയ്തതാണ്.

<u>ശ്രീ. എ. കെ. ബാലൻ</u> സർ, ഈ കമ്മീഷൻ റിപ്പോർട്ട് ഗുരുതരമായിട്ടുള്ള ആക്ഷേപമാണ് ഉന്നയിച്ചിട്ടുള്ളത്. അതിന്റെ ഭാഗമായി എട്ടംഗ കമ്മിറ്റിയുടെ ശുപാർശയുടെ ഭാഗമായി ഡി.എഫ്.ഒ. നൽകിയിട്ടുള്ള എൻ.ഒ.സി. ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; അല്ലെങ്കിൽ അത് മരവിപ്പിച്ചിട്ടുണ്ടോ; അത് റദ്ദ് ചെയ്തിട്ടുണ്ടോ; ഈ കാര്യങ്ങളൊന്നും പറയാതെ വളരെ വേയ്ഗായി ഈ കമ്മീഷൻ റിപ്പോർട്ടിന്റെ ഭാഗമായി റവന്യൂ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞാൽ, കമ്മീഷൻ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നാണ് പറഞ്ഞിരിക്കുന്നത്. കമ്മീഷന് ചുമതലപ്പെടുത്താൻ സാധിക്കുമോ; ഈ റിപ്പോർട്ടിന്മേൽ ഗവൺമെന്റ് തീരുമാനിക്കണ്ടെ; അതുകൊണ്ട് എട്ടംഗ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എൻ.ഒ.സി. കൊടുത്തത് റദ്ദു ചെയ്യുന്നുണ്ടോ; അല്ല അത് തുടരാനാണോ ഉദ്ദേശിക്കുന്നത്; ഇതിനെ സംബന്ധിച്ച് വ്യക്തത ഉണ്ടാക്കേണ്ടതല്ലേ? ഇത് ഫോറസ്റ്റുവകുപ്പും റവന്യൂവകുപ്പും തമ്മിലുള്ള പ്രശ്നമായിട്ടാണ് ഇവിടെ ചിത്രീകരിക്കുന്നത്. ഫോറസ്റ്റുവകുപ്പ് റവന്യൂവകുപ്പിൻെറ ചുമലിൽ വയ്ക്കുന്നു, റവന്യൂവകുപ്പ് ഫോറസ്റ്റിൻെറ ചുമലിലും വയ്ക്കുന്നു. അതുകൊണ്ട് ഇതൊരു ജുഡീഷ്യൽ അന്വേഷണത്തിന് വിധേയമാക്കിയാൽ നിങ്ങളുടെയും ഞങ്ങളുടെയും കാലഘട്ടത്തിൽ സംഭവിച്ചിട്ടുള്ള എല്ലാ കാര്യങ്ങളും പുറത്തുവരട്ടെ. ഇതുപോലൊരു

കൊള്ള ഇനി ഈ കേരളത്തിൽ നടക്കാൻ പാടില്ല. അതുകൊണ്ട് ഇതൊരു ജുഡീഷ്യൽ എൻക്വയറിക്ക് വിധേയമാക്കണമെന്നുള്ളതാണ് എന്റെ ആവശ്യം. അതുകൊണ്ട് പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ള കാര്യത്തിൽ ആക്ഷൻ ടേക്കൺ റിപ്പോർട്ട് എന്താണ്; ഗവൺമെന്റ് എന്താണ് ഈ കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളതെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സഭയിൽ വ്യക്തമാക്കണം.

മി. സ്പീക്കർ: ശ്രീ. എ. കെ. ബാലൻ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വയ്ക്കുന്നത് ഏതിനാണ്? കമ്മീഷൻ ഓഫ് എൻക്വയറി ആക്ട് അനുസരിച്ചുള്ള റിപ്പോർട്ടിനു മാത്രമേ ആക്ഷൻ ടേക്കൺ റിപ്പോർട്ട് വയ്ക്കേണ്ടതുള്ളൂ, ഇതിനാവശ്യമില്ല. അത് അങ്ങേയ്ക്കറിയാമല്ലോ. അതിന്റെ അടിസ്ഥാനത്തിൽ അന്വേഷിച്ചതല്ല ഇത്. ആക്ഷൻ റിപ്പോർട്ട് വയ്ക്കുന്നതെല്ലാം ......ഓരോന്നിനും പിറകിലിരുന്ന് പറയാനുള്ള ഉത്തരവാദിത്വമൊന്നും ശ്രീ. ബാബു എം. പാലിശ്ശേരിക്ക് നൽകിയിട്ടില്ല. ഒരാൾ സംസാരിച്ചുകൊണ്ടു നിൽക്കുമ്പോൾ പിറകിൽ നിന്ന് ചോദിക്കുന്നതിന് നിയമസഭാംഗത്തിനും ചെയർമാനുപോലും ഒരുപാട് അവകാശങ്ങളൊന്നുമില്ല. ഇതൊന്നും ശരിയല്ല. ഇവിടെ മന്ത്രി പറയാനുള്ളത് മന്ത്രി പറയും. ചെയർ എന്ന നിലയിൽ ഞാൻ സൂചിപ്പിച്ചത് സാധാരണഗതിയിൽ ഏതിനാണ് ആക്ഷൻ ടേക്കൺ റിപ്പോർട്ട് വയ്ക്കുന്നത് എന്നാണ്. ഇവിടെ ഉന്നയിച്ച വിഷയത്തിന് ആക്ഷൻ ടേക്കൺ

റിപ്പോർട്ട് വയ്ക്കേണ്ട ആവശ്യമില്ല.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: സർ, കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് അനുസരിച്ച് നമ്മൾ ഒരു കമ്മീഷനെ നിശ്ചയിച്ചുകഴിഞ്ഞാൽ ആ കമ്മീഷൻ റിപ്പോർട്ട് സഭയിൽ അവതരിപ്പിക്കുമ്പോൾ ആക്ഷൻ ടേക്കൺ റിപ്പോർട്ടോടുകൂടി വേണമെന്ന് അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ മൂന്നംഗ കമ്മിറ്റി റിപ്പോർട്ട് വരുന്നതുവരെ ഈ എൻ.ഒ.സി. മരവിപ്പിക്കുമെന്നത് നിയമസഭയ്ക്കകത്ത് മുഖ്യമന്ത്രി നൽകിയിട്ടുള്ള ഒരു ഉറപ്പാണ്. റിപ്പോർട്ട് ഇന്നലെ വന്ന സാഹചര്യത്തിൽ എൻ.ഒ.സി. മരവിപ്പിച്ചത് പോയി, അത് പ്രാബല്യത്തിൽ വന്നു. അതിൽ ഗുരുതരമായ നിയമപ്രശ്നങ്ങൾതന്നെ വന്നുകഴിഞ്ഞിട്ടുണ്ട് എന്നതുകൊണ്ടാണ് ഇതിൻമേൽ ഗവൺമെന്റെടുത്ത തീരുമാനമെന്താണ് എന്നത് ഈ സഭയ്ക്ക് അറിയണ്ടേ എന്ന് ശ്രീ. എ. കെ. ബാലൻ ചോദിച്ചത്.

<u>മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി)</u>: സർ, മന്ത്രി അത് വ്യക്തമാക്കിക്കഴിഞ്ഞു. ഡി.എൽ.എഫ്-ന്റെ കാര്യത്തിൽ ഇവിടെ ഈ പ്രശ്നം വന്നപ്പോൾത്തന്നെ ചീഫ് സെക്രട്ടറിയോട് ഒരു ക്വിക്ക് എൻക്വയറി നടത്തി റിപ്പോർട്ട് നൽകാനാവശ്യപ്പെട്ടു. 24 മണിക്കൂറിനകം റിപ്പോർട്ട് വാങ്ങി. ആ റിപ്പോർട്ടിൽ പറഞ്ഞിരുന്നത് ഒരു മൂന്നംഗ എക്സ്പെർട്ട് കമ്മിറ്റിയെക്കൊണ്ട് ഇത് അന്വേഷിപ്പിക്കണമെന്നാണ്. ആ

അന്വേഷണം ഇവിടെത്തന്നെ പ്രഖ്യാപിച്ചു. സമിതിയിലെ ഒരു മെമ്പർ സ്ഥലത്തില്ലാതിരുന്നതുകൊണ്ട് ആ അന്വേഷണത്തിന് ഒരു കാലതാമസം വന്നു. അത് പ്രത്യേകമായി നോക്കുന്നുണ്ട്. അന്വേഷണം നടത്തിയതിനുശേഷം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കും തുടർ നടപടികൾ സ്വീകരിക്കുന്നത്. കരുണാ പ്ലാന്റേഷന്റെ കാര്യം, ഈ പ്രശ്നം ഇവിടെ വന്നപ്പോൾത്തന്നെ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററെക്കൊണ്ട് അന്വേഷിപ്പിക്കുമെന്നും അതുവരെ എൻ.ഒ.സി. മരവിപ്പിക്കുമെന്നും പറഞ്ഞു. ഇപ്പോൾ തന്നിരിക്കുന്ന റിപ്പോർട്ടിലെ 'റവന്യൂ ഉന്നത ഉദ്യോഗസ്ഥരെക്കൊണ്ട് ഒരന്വേഷണം നടത്തണമെന്ന ശുപാർശ' ഗവൺമെന്റ് അംഗീകരിച്ചിരിക്കുന്നു. അതിന്റെ റിപ്പോർട്ട് കിട്ടി അതിന്മേലൊരു തീരുമാനമെടുക്കുന്നതുവരെ ഇവിടെ പ്രഖ്യാപിച്ച എൻ.ഒ.സി. മരവിപ്പിച്ചു എന്നുള്ള തീരുമാനം നിലനിൽക്കും.